Draft #3 of File 40827/AC A1-2/2019/ADMIN Approved by ASSISTANT REGISTRAR I (ACADEMIC) on 05-Oct-2020 08:51 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഗവൺമെന്റ് ചിൽഡ്രൻസ് ഹോമിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് തുടർ പഠനത്തിന് അവസരം ഒരുക്കുന്നതിനായി സ്ഥാപനത്തിന് സമീപത്തുള്ള കോളേജുകളിൽ ഡിഗ്രി/പി.ജി തുടങ്ങിയ കോഴ്സുകളിൽ പ്രവേശനത്തിന് മുൻഗണന നൽകുന്നത് സംബന്ധിച്ച് - സിൻഡിക്കേറ്റ് യോഗ തീരുമാനപ്രകാരം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 4526/AC A 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 06.10.2020

---

*പരാമർശം:*-1.ഉന്നത വിദ്യാഭ്യാസ (ബി ) വകുപ്പിൽ നിന്നുമുള്ള 14.10.2019 തീയതിയായ കത്ത്
2. 26.08.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ്, ഇനം. നം. 180/20.04/DDFS-40827/AcA1-2/2019.

**ഉത്തരവ്**

പരാമർശം (1) പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച കത്തിൽ ഗവണ്മെന്റ് ചിൽഡ്രൻസ് ഹോമിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് തുടർപഠനത്തിന് അവസരം ഒരുക്കുന്നതിനായി സ്ഥാപനത്തിന് സമീപത്തുള്ള കോളേജുകളിൽ ഡിഗ്രി/പി.ജി തുടങ്ങിയ കോഴ്സുകളിൽ പ്രവേശനത്തിന് മുൻഗണന നൽകണമെന്ന സ്ത്രീകളുടെയും ,ട്രാൻസ്ജെൻഡറുകളുടേയും, കുട്ടികളുടെയും, ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ശുപാർശയിൽ തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

മേൽ വിഷയം സർവ്വകലാശാലയിൽ നടപ്പിലാക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

പരാമർശം (2) പ്രകാരം കൂടിയ സിൻഡിക്കേറ്റ് യോഗം, ഗവൺമെന്റ് ചിൽഡ്രൻസ് ഹോമിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് തൊട്ടടുത്ത കോളേജിൽ അഡ്മിഷൻ എടുക്കുന്നതുമായി സംബന്ധിച്ച കാര്യത്തിൽ, അടുത്ത CAP അഡ്മിഷൻ Regulation, finalise ചെയ്യുമ്പോൾ ഇത് ചർച്ച ചെയ്ത് തീരുമാനിക്കാൻ തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി.സി/ പി.വി.സി എന്നിവരുടെ പി.എസ് മാർ.
2. രജിസ്ട്രാർ/ സി.ഇ/ എഫ്.ഒ എന്നിവരുടെ പി.എ മാർ.
3. എ.ആർ/ ഡി.ആർ/ ജെ.ആർ (അക്കാഡമിക്/ പരീക്ഷ)
4. എ.സി.ബി 6/ എ.സി.ബി 7/ വിവിധ അക്കാദമിക് സെക്ഷനുകൾ
5. CITAD/ കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/IQAC/ A.T.R
6. പി.ആർ.ഒ/ എൻകചയറി
7. സ്റ്റോക്ക് ഫയൽ/ റെക്കോർഡ്സ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 40827/AC A1-2/2019/ADMIN Approved by ASSISTANT REGISTRAR I (ACADEMIC) on 05-Oct-2020 08:51 PM - Page 2